## എസ്. എസ്. എ. പ്രോജക്ടിൽ ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ നടപടി

62 [2280] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 14 ജില്ലകളിലായി നിലവിലുള്ള എസ്.എസ്.എ. പ്രോജക്റ്റ് ഓഫീസുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിനെ സംബന്ധിച്ചുള്ള നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന എസ്.എസ്.എ. പ്രോജക്റ്റിൽ പോസ്റ്റുകൾ അനുവദിക്കുന്നതിന് നിയന്ത്രണം കൊണ്ടു വരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) എസ്.എസ്.എ.-കളിൽ ജെ.എസ്. പോസ്റ്റ് അനുവദിച്ച് ഉത്തരവാകുമോ?

### ഉത്തരം

(എ ആന്റ് ബി) എസ്.എസ്.എ.-യുടെ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിലും ജില്ലാ ഓഫീസിലും ജൂനിയർ സൂപ്രണ്ട് തസ്തിക ഉൾപ്പെടെയുള്ള അധിക തസ്തിക സൃഷ്ടിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പദ്ധതി ചെലവിന്റെ ഒരു വിഹിതം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. അതിനാലാണ് ഇതിൻമേൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്.

(ഡി) പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## ഇന്റർ നാഷണൽ ജനറൽ സർട്ടിഫിക്കറ്റ് ഇൻ സെക്കണ്ടറി എഡ്യുക്കേഷൻ പദ്ധതിക്ക് സ്വീകരിച്ച നടപടികൾ

63 [2281] ശ്രീ. കെ. എൻ. എ. ഖാദർ:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർ നാഷണൽ ജനറൽ സർട്ടിഫിക്കറ്റ് ഇൻ സെക്കണ്ടറി എഡ്യുക്കേഷൻ സിലബസ് അനുസരിച്ച് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കേംബ്രിഡ്ജ് സർവ്വകലാശാല പോലുള്ള വിദേശ സർവ്വകലാശാലകളുടെ സഹായം സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം മാതൃകാപഠന പരിപാടികൾകൊണ്ട് കേരളീയ വിദ്യാർത്ഥി കൾക്ക് സാർവ്വദേശീയ തലത്തിൽ മികച്ച ഉപരിപഠനത്തിനും ജോലികൾക്കും സാദ്ധ്യ തകൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്കുവേണ്ടി ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാ ക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി, സി ആന്റ് ഡി) ചോദ്യം ബാധകമല്ല.

## പുതുതായി ആരംഭിച്ച പോളിടെക്നിക്കുകൾ

64 [2282] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു; എത്രയെണ്ണം ഇതിനകം ആരംഭിച്ചു;

(ബി) എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ ഒന്നും സ്വാശ്രയമേഖലയിൽ ഒന്നും പോളിടെക്നിക് കോളേജുകൾ ആരംഭിച്ചു.

(ബി) സർക്കാർ മേഖലയിൽ എഴുകോൺ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്തി. സ്വാശ്രയ മേഖലയിൽ കോഴിക്കോട് കെ.എം.സി.റ്റി. പോളിടെക്നിക്ക് ആരംഭിച്ചു.

## സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തന പരിധി

65 [2284] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly